LIBRARY ARCHIVES Kerala Legislative Assembly

അക്ഷയ സെന്ററുകൾ

202(2404) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ സെന്ററുകൾ വിവിധ സേവനങ്ങൾക്ക് അമിത ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സെന്ററുകൾ മുഖാന്തിരമുള്ള സേവനങ്ങൾക്കുള്ള ചാർജ്ജ് സർക്കാർ നിജപ്പെടുത്തിയിട്ടുണ്ടോ; വിവിധ സേവനങ്ങളുടെ ചാർജ്ജുകൾ വിശദമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന അക്ഷയ സെന്ററുകളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ഡി) മാവേലിക്കര നിയോജകമണ്ഡലത്തിൽ ആവശ്യമായത്ര അക്ഷയ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്ഷയ കേന്ദ്രങ്ങൾ നടപ്പിലാക്കി വരുന്ന സേവനങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. അത്തരം സേവനങ്ങളും ഓരോ സേവനങ്ങൾക്കുമുള്ള അനുവദനീയ ഫീസ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിയ്ക്കുന്നു.*

(സി) വിശദവിവരം അനുബന്ധമായി ചേർത്തിരിയ്ക്കുന്നു.*

(ഡി) മാവേലിക്കര നിയോജകമണ്ഡലത്തിൽ നിലവിൽ 24 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും മാവേലിക്കര മുനിസിപ്പാലിറ്റിയിലും 3 വീതം അക്ഷയ സെന്ററുകൾ നിലവിലുണ്ട്. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4-ഉം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം അക്ഷയകേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള അനുമതി നൽകി വരുന്നു. എന്നാൽ 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി കുറഞ്ഞത് 2 കി.മി. ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രമേയത്തിനനുസരിച്ചാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആവശ്യപ്പെട്ടാൽ മേൽപ്പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്